**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 484** **23-07-2021 - ൽ മറുപടിയ്ക്ക്**

**നെയ്യാർഡാമിലെ പ്രവർത്തനം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ സി കെ ഹരീന്ദ്രൻ | | Shri Roshy Augustine<br>(ജലവിഭവ വകുപ്പ് മന്ത്രി) | |
| (എ) | നെയ്യാർഡാമിലെ മണലും മണ്ണും ചളിയും നീക്കം ചെയ്ത് ഡാമിന്റെ സംഭരണശേഷി വർദ്ധിപ്പിക്കുന്നതിന് എന്തൊക്കെ നടപടികൾ സ്വീകരിച്ചിട്ടുണ്ട്; വിശദാംശങ്ങൾ അറിയിക്കാമോ; | (എ) | നെയ്യാർഡാമിലെ മണലും മണ്ണും ചളിയും നീക്കം ചെയ്യുന്നതുമായി ബന്ധപ്പെട്ട് KERI പീച്ചി യുടെ നേതൃത്വത്തിൽ ഒരു സെഡിമെന്റേഷൻ സ്റ്റഡി നടത്തിയിട്ടുണ്ട്. |
| (ബി) | നെയ്യാർഡാമിലെ ചിൽഡ്രൻസ് പാർക്കിന്റെ ശോചനീയാവസ്ഥ പരിഹരിക്കുന്നതിനായി സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തൊക്കെയാണ്; ആയതിന്റെ പുരോഗതി അറിയിക്കാമോ; | (ബി) | 08/02/2021 ലെ സ.ഉ(സാധാ) നം. 63/2021/ ടൂറിസം പ്രകാരം ചിൽഡ്രൻസ് പാർക്ക് നവീകരിക്കുന്നതിലേക്കായി 30 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. |
| (സി) | നെയ്യാർഡാമിൽ നിലവിൽ എത്ര ജീവനക്കാരുണ്ടെന്നും അതിൽ സ്ഥിരം ജീവനക്കാരും താൽക്കാലിക ജീവനക്കാരും എത്രവീതമെന്നും അറിയിക്കാമോ; | (സി) | നെയ്യാർഡാമിൽ അസിസ്റ്റന്റ് എഞ്ചിനീയർ ഉൾപ്പെടെ 12 സ്ഥിരം ജീവനക്കാരും പൂന്തോട്ട പരിപാലനത്തിനായി ദിവസവേതനാടിസ്ഥാനത്തിൽ 4 ജീവനക്കാരും സെക്യൂരിറ്റിയ്ക്കായി KEXCONൽ നിന്നും 9 പേരും ജോലി ചെയ്തു വരുന്നു. |
| (ഡി) | പ്രസ്തുത താൽക്കാലിക ജീവനക്കാർക്ക് ലഭിക്കേണ്ട വേതനം സംബന്ധിച്ച വിശദവിവരങ്ങളും അവർക്ക് ഏതുമാസം വരെ ശമ്പളം നൽകിയിട്ടുണ്ടെന്ന വിവരവും അറിയിക്കാമോ; ഇവർക്ക് കൃത്യമായി ശമ്പളം നൽകുന്നതിന് എന്താണ് തടസ്സം എന്നറിയിക്കാമോ; | (ഡി) | താൽക്കാലിക ജീവനക്കാർക്ക് ശമ്പളം നൽകുന്നതിന് തടസ്സങ്ങളൊന്നും തന്നെയില്ല, ജീവനക്കാർക്ക് ശമ്പളം കൃത്യമായി നൽകുന്നുണ്ട്. |
| (ഇ) | എല്ലാ ജീവനക്കാർക്കും കുടിശ്ശിക വരാതെ ശമ്പളം നൽകുന്നതിന് നടപടി സ്വീകരിക്കുമോ? | (ഇ) | താൽക്കാലിക ജീവനക്കാർക്ക് ശമ്പളം നൽകുന്നതിന് തടസ്സങ്ങളൊന്നും തന്നെയില്ല, ജീവനക്കാർക്ക് ശമ്പളം കൃത്യമായി നൽകുന്നുണ്ട്. |

സെക്ഷൻ ഓഫീസർ